# അവർക്കു പിന്നിൽ...

പിന്നാമ്പുറങ്ങളിൽ പമ്മിയിരിക്കാതെ,
പിൻവിളിനാടയിൽ കാലുടക്കീടാതെ,
പിഞ്ഞാണക്കിണ്ണത്തിലൊറ്റക്കുണങ്ങുന്ന
പട്ടിണിവറ്റാൽ പശിയകറ്റീടാതെ,
പാത്രക്കലമ്പലിൽ, പാട്ടുമറക്കാതെ,
പാച്ചിലിനിടയിലും പിച്ചയെടുക്കാതെ,
പിച്ചനടന്നിടും പിഞ്ചോമനക്കുമേൽ-
'പണ്ടി'ൻ കിനാച്ചുമടേറ്റി മടങ്ങാതെ,
പിന്നെയും പാതകൾ താണ്ടിക്കുതിക്കുന്ന
പെണ്ണിനെക്കണ്ടു പകച്ചൊരാൾ ചൊല്ലുന്നു;
"പേടിക്കണം, പേടിയില്ലാത്തൊരുത്തിക്കു-
പിന്നിലുണ്ടാമൊരു 'വില്ലൻ'ത്രേ!"

---